(സി) നീർത്തട വികസനം, മണ്ണ് സംരക്ഷണം, നഴ്സറികൾ, സാമൂഹിക വനവൽക്കണം, നീരൊഴുക്ക് സംവിധാനങ്ങൾ, ജലസംരക്ഷണം തുടങ്ങിയവ ചെയ്തിട്ടുണ്ട്.

എക്സ് സർവീസ്മെൻസ് കോർപ്പറേഷൻ രൂപീകരണം

29 (*432) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിമുക്തഭടന്മാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി എക്സ്സർവ്വീസ് മെൻസ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ എന്നു വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) സംസ്ഥാനത്തെ വിമുക്തഭടന്മാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി "കേരള സംസ്ഥാന വിമുക്തഭടവികസന പുനരധിവാസകോർപ്പറേഷൻ" രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കൂടാതെ ഇവരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി സൈനിക ക്ഷേമവകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. യുദ്ധത്തിലോ, യുദ്ധസമാനസാഹചര്യങ്ങളിലോ 50% മേൽ അംഗവൈകല്യം സംഭവിച്ച് സിവിൽ ജോലിക്ക് അർഹതയില്ലാത്ത വിമുക്ത ഭടന്മാരുടെ ആശ്രിതരിൽ ഒരാൾക്ക് സംസ്ഥാന സർക്കാർ സർവീസിൽ ജോലി, യുദ്ധത്തിലോ തീവ്രവാദികളുമായുള്ള ഏറ്റുമുട്ടലിലോ പരിക്കേൽക്കുകയോ അംഗവൈകല്യം സംഭവിക്കുകയോ ചെയ്യുന്നവർക്ക് മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധിയിൽ നിന്നും ധനസഹായം, വിമുക്തഭടന്മാരുടെ മിടുക്കരായ കുട്ടികൾക്ക് സ്കോളർഷിപ്പ്, അർഹരായ വിമുക്തഭടന്മാർക്ക് ഭവനനിർമ്മാണത്തിന് 50,000 രൂപയുടെ ഗ്രാന്റ്, സ്വയംതൊഴിൽ കണ്ടെത്താൻ വേണ്ടിയുള്ള ബാങ്ക് ലോണിന് പലിശയിളവ് തുടങ്ങിയവയും സൈനിക ക്ഷേമവകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്റ്റേറ്റ് മിലിട്ടറി ബനവലന്റ് ഫണ്ട്, അമാൽഗമേറ്റഡ് ഫണ്ട് എന്നിവയിൽ നിന്നും വിവിധ ആനുകൂല്യങ്ങളും നൽകി വരുന്നു.

(ബി) കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 23-6-2000-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 409/2000/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 50 ലക്ഷം രൂപ ഓഹരി മൂലധനത്തോടുകൂടി വിമുക്തഭടന്മാരുടെയും അവരുടെ ആശ്രിതരുടെയും, ക്ഷേമത്തിനും പുനരധിവാസത്തിനുമായി "കേരള സംസ്ഥാന വിമുക്തഭടവികസന പുനരധിവാസ കോർപ്പറേഷൻ" രൂപീകരിക്കുകയും 7-12-2001-ൽ 1956-ലെ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ചെയർമാനും മാനേജിംഗ് ഡയറക്ടറും ഉൾപ്പെടെ ഏഴ് അംഗങ്ങളുള്ള ബോർഡ് ഓഫ് ഡയറക്ടേഴ്സ് രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭരണ നവീകരണ പരിപാടികൾ

1 (2096) ശ്രീ. ടി. കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ ഭരണ നവീകരണ പരിപാടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഭരണ നവീകരണ പരിപാടിക്ക് എ. ഡി. ബി. വായ്പ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എത്രകോടി രൂപയാണ് ലഭിച്ചിട്ടുള്ളത് ;

(ഡി) ഈ തുക ഏതെല്ലാം വകുപ്പുകളിൽ എന്തൊക്കെ ചെലവുകൾക്കായി വിനിയോഗിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഭരണ നവീകരണത്തിന്റെ ഭാഗമായി ഓരോ ഡിപ്പാർട്ടുമെന്റുകളിലും വരുത്തുന്ന മാറ്റങ്ങൾ എന്തൊക്കെയാണ് ;

(എഫ്) ഈ മാറ്റങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായം സ്വരൂപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഭരണ നവീകരണ പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ട 93 ഉദ്യമങ്ങളുടെ പശ്ചാത്തല രൂപരേഖ സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും അവ പൊതുജനാഭിപ്രായത്തിനായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇവ www.keralamgp.org എന്ന വെബ് സൈറ്റിലും ലഭ്യമാണ്. ഇക്കാര്യത്തിൽ പൊതുജനാഭിപ്രായവും കൂടി പരിഗണിച്ചുകൊണ്ട് മാത്രമേ സർക്കാർ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

മുകളിൽ പറഞ്ഞ 93 ഉദ്യമങ്ങൾക്ക് പുറമെ വിവിധ വകുപ്പുകളുടെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പരിശീലനം, ഉപകരണങ്ങൾ ലഭ്യമാക്കൽ, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായുള്ള ഒരു പ്രത്യേക പദ്ധതി കൂടി സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്. അതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly